യുള്ള ഹാച്ചറികൾ സ്ഥാപിക്കാൻ 50,000 രൂപ സബ്സിഡി നൽകുന്ന കാര്യവും പറഞ്ഞു. അങ്ങനെ ഗവണ്മെന്റിന്റെ സഹായത്തോടെ ഹാച്ചറികൾ തുടങ്ങാനാണ് നടപടി എടുക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

6 (*289) മത്സ്യകൃഷി ഇൻഷ്വറൻസ് പദ്ധതി

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യകൃഷി ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോ ;

(ബി) എങ്കിൽ ഏതു ഏജൻസി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്;

(സി) ഈ ഏജൻസി മുഖേന മത്സ്യകൃഷിക്കാർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) കോട്ടയം ജില്ലയിൽ നിലവിലുണ്ട്.

(ബി) എഫ്.എഫ്. ഡി.എ മുഖേനെ യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി വഴി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) വ്യക്തമാക്കാം. കോട്ടയം ജില്ലയിൽ എഫ്.എഫ്. ഡി.എ മുഖേനെ യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി വഴി എഫ്.എഫ്. ഡി.എ യുടെ സഹായത്തോടെ മത്സ്യകൃഷി നടത്തുന്ന മത്സ്യകർഷകർക്ക് പ്രകൃതിക്ഷോഭം, മത്സ്യരോഗം , കവർച്ച എന്നിവക്കെതിരെ ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നു. 70 ശതമാനത്തിലധികം വരുന്ന നഷ്ടം മൊത്തം നഷ്ടമാക്കി കണക്കാക്കിയാണ് പരിരക്ഷ അനുവദിക്കുന്നത്. മറ്റു ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

7 (*291) കേരളത്തിലെ ക്ഷേത്രകലകൾക്കും അനുഷ്ഠാനകലകൾക്കും പ്രചാരണവും പ്രസിദ്ധീകരണവും നൽകുവാൻ നടപടി

ശ്രീ. പാലോട് രവി :

ശ്രീ. വി. ബാലറാം :

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശങ്ങളിൽ കേരളത്തിലെ ക്ഷേത്രകലകൾക്കും പ്രചാരണവും പ്രസിദ്ധീകരണവും നൽകുവാൻ ഗവൺമെന്റിന് എന്തെല്ലാം പരിപാടികളുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദേശത്തേയ്ക്ക് കേന്ദ്ര ഗവൺമെന്റ് അയയ്ക്കുന്ന സാംസ്കാരിക ഡെലിഗേഷനുകളിൽ സംസ്ഥാനത്തിനുള്ള കലാകാരന്മാരെ ഉൾപ്പെടുത്തുമോ;

(സി) ഇത്തരം സംഘങ്ങളിൽ കേരളത്തിൽ നിന്നുള്ളവരെക്കൂടി അംഗങ്ങളാക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിന്റെ ഫലമായി 1998-99-ൽ കേന്ദ്ര ഗവൺമെന്റ് വിദേശത്തേക്കയച്ചിട്ടുള്ള സാംസ്കാരിക ഡെലിഗേഷനുകളിൽ കേരളത്തിൽ നിന്നും ആരെയെല്ലാം ഉൾപ്പെടുത്തിയെന്നു അറിയിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി ശ്രീ. ടി. കെ. രാമകൃഷ്ണൻ :

(എ) സംസ്ഥാനസർക്കാരിന് ഇതിനായി പ്രത്യേക പരിപാടികൾ ഇല്ല.

(ബി)-(ഡി) രാജ്യത്തിന് പുറത്തുള്ള സാംസ്കാരിക വിനിമയ പരിപാടികൾ സംഘടിപ്പിക്കുന്നത് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ ചുമതലയിലുള്ള ഇൻഡ്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസും കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിൻ കീഴിലുള്ള സൗത്ത്സോൺ കൾച്ചറൽ സെന്റർ, തഞ്ചാവൂർ എന്നീ സംഘടനകളാണ് കേന്ദ്ര ഗവണമെന്റിന് ഇക്കാര്യത്തിൽ ഉപദേശം നൽകുന്നത്.

8 (*292) മത്സ്യബന്ധന തുറമുഖങ്ങൾ സംരക്ഷിക്കാൻ

ശ്രീമതി എൻ.കെ. രാധ ;
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. ബാലൻ വൈദ്യർ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധനതുറമുഖങ്ങൾ, കേന്ദ്രങ്ങൾ എന്നിവ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം മത്സ്യബന്ധന തുറമുഖങ്ങളുടെ പുനരുദ്ധാരണ പരിപാടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 9-ാം പദ്ധതിയിൽ ഏതെല്ലാം മത്സ്യബന്ധനതുറമുഖങ്ങളുടെ പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ആവശ്യമായ അറ്റകുറ്റപണികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly